പതിമൂന്നാം കേരള നിയമസഭ
ഏട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3397 09/04/2013-ലെ മറുപടിക്ക്

## തോട്ടഭൂമി

**ചോദ്യം** **മറുപടി**

ശ്രീ. വി. ഡി. സതീശൻ
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
ശ്രീ. പി. എ. മാധവൻ
ശ്രീ. അൻവർ സാദത്ത്

ശ്രീ.അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ തോട്ടഭൂമിയുടെ നിശ്ചിത ശതമാനം മറ്റാവശ്യങ്ങൾക്ക് സർക്കാർ പുറപ്പെടുവിക്കുന്ന നിയന്ത്രണങ്ങൾക്ക് വിധേയമായി ഉപയോഗിക്കുന്നതിന് അനുവാദം നൽകാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. അംഗീകൃത തോട്ടങ്ങളിലെ 5% ഭൂമിയുടെ 90% വും കൃഷിക്കും അനുബന്ധ സൗകര്യങ്ങൾക്കും ഉപയോഗപ്പെടുത്തുന്നതിനും ഈ സ്ഥലത്ത് സംയോജിത കൃഷി, ക്ഷീരോൽപ്പാദനം, പച്ചക്കറികൾ, ഫലങ്ങൾ, അലങ്കാര പുഷ്പങ്ങൾ, ഔഷധ കൃഷി, സുഗന്ധ സസ്യകൃഷി, കാർഷികോൽപ്പന്നങ്ങളുടെ ഉൽപ്പന്ന വൈവിദ്ധ്യവൽക്കരണം എന്നിവ നടപ്പിലാക്കുന്നതിന് പുതിയ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചുകൊണ്ട് 07/03/2013-ലെ സ.ഉ. (സാധാ) നം. 1254/2013/റവ. പ്രകാരം ഉത്തരവായിട്ടുണ്ട്. |
| (ബി) | ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | അംഗീകൃത തോട്ടങ്ങളിലെ 5% തോട്ടവിളകൾ ഇല്ലാത്ത സ്ഥലമാണ് പുതിയ നിയമ ഭേദഗതി പ്രകാരം മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗി ക്കാവുന്നത്. ഇത് വിൽക്കാർ പാടില്ല. തോട്ടത്തിന്റെ സാമ്പത്തിക വരുമാനം |

| | | | |
|---|---|---|---|
| | | | പരിസ്ഥിതി സൗഹൃദ രീതിയിൽ വർദ്ധിപ്പിക്കുക എന്നതാണ് ഉദ്ദേശ്യലക്ഷ്യങ്ങൾ. |
| (സി) | ഇതിനായി ഭൂപരിഷ്കരണനിയമം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (സി) | അംഗീകൃത തോട്ടങ്ങളിലെ 5 % ഭൂമി പുഷ്പകൃഷിക്കോ ഔഷധ സസ്യകൃഷിക്കോ മറ്റ് കൃഷികൾക്കോ ടൂറിസം പ്രോജക്ടുകൾ എന്നിവയ്ക്കോ വിനിയോഗിക്കുന്നതിന് ഭൂപരിഷ്ക്കരണ ഭേദഗതി നിയമം (ആക്ട് 6 ഓഫ് 2012) പ്രകാരം അനുമതി നൽകിയിരുന്നു ഇതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ 07/03/2013 -ലെ സ.ഉ. (സാധാ) നം. 1254/2013/റവ. പ്രകാരം ഉത്തരവായിട്ടുണ്ട്. ഈ മാർഗ്ഗനിർദ്ദേശങ്ങൾക്ക് നിയമ പ്രാബല്യം നൽകുന്നതിന് നിയമഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ട്. |
| (ഡി) | സർക്കാർ നിയന്ത്രണങ്ങൾ കൃത്യമായി പാലിക്കപ്പെടുന്നുണ്ടോയെന്ന് ഉറപ്പു വരുത്തുവാൻ എന്തെല്ലാം സംവിധാനമാണ് ഭൂപരിഷ്കരണ നിയമത്തിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നത്; വിശദാംശങ്ങളെന്തെല്ലാം ? | (ഡി) | ഇക്കാര്യം പരിശോധിച്ചു വരുന്നതേയുള്ളൂ. |

സെക്ഷൻ ഓഫീസർ